# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2238 — 11.06.2018 — ൽ മറുപടിക്ക്

## റേഷൻ കാർഡ് ഉടമകൾ വാങ്ങാതെ വന്ന ഭക്ഷ്യധാന്യങ്ങളുടെ കണക്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ് :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം ആരംഭിച്ചതിന് ശേഷം റേഷൻ കാർഡ് ഉടമകൾ വാങ്ങാതെ വന്ന ഭക്ഷ്യധാന്യങ്ങളുടെ കണക്കിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ടൺ; | (എ) യും (ബി) യും | 2018 മെയ് മാസം മുതലാണ് സംസ്ഥാന വ്യാപകമായി ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണം ആരംഭിച്ചത്. വാതിൽപ്പടി വിതരണത്തിലെ കാലതാമസം മുഖാന്തിരം 2018 മെയ് മാസത്തെ റേഷൻ വിതരണം 06.06.2018 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുള്ളതിനാൽ ഇതു സംബന്ധിച്ചുള്ള കണക്കുകൾ നിലവിൽ ലഭ്യമായിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ എ.എ.വൈ, മുൻഗണനാ വിഭാഗം, സബ്സിഡി വിഭാഗം, മുൻഗണനേതരവിഭാഗം എന്നീ വിഭാഗങ്ങൾ റേഷൻ വാങ്ങാതെ മിച്ചം വന്ന ഇതേ വരെയുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ് പ്രത്യേകം വ്യക്തമാക്കുമോ; | | |
| (സി) ഇത്രയും ഭക്ഷ്യധാന്യങ്ങൾ മുൻഗണനേതര വിഭാഗത്തിന് നൽകികൊണ്ടിരിക്കുന്ന അളവിൽക്കൂടി നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | ടൈഡ് ഓവർ വിഹിതത്തിൽ അധികം വന്നാൽ മാത്രമേ ആയതിനുള്ള വിഹിതം വർദ്ധിപ്പിച്ച് നൽകുവാൻ കഴിയുകയുള്ളൂ. ഇതിനായി സർവ്വകക്ഷി സംഘം ബഹു. പ്രധാനമന്ത്രിയെ കണ്ട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ